**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ ആലംകോട് വില്ലേജിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ലൈഫ് മിഷൻ പദ്ധതിയ്ക്ക് ഭവന നിർമ്മാണത്തിന് ഉപയോഗ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.2368/18/ത.സ്വ.ഭ.വ — തീയതി, തിരുവനന്തപുരം, 05/09/2018

---

പരാമർശം :- 1) പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 29.04.2017 ലെ 5(1) -ാം നമ്പർ തീരുമാനം

2) ഗ്രാമവികസന കമ്മീഷണറുടെ 18/09/2017 ലെ 9528/എച്ച്&റ്റി2/2017/ സി.ആർ.ഡി നമ്പർ കത്ത്

3) സ.ഉ.(പി) നമ്പർ 31/2018/ആർ.ഡി തീയതി 05.06.2018

**ഉത്തരവ്**

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൊന്നാനി താലൂക്കിൽ ആലംകോട് വില്ലേജിൽ 254/1 എ 2 ബി2 സർവ്വെ നമ്പറിലുള്ള 74 സെന്റ് സ്ഥലത്ത് നിന്ന് ചങ്ങരംകുളം സബ് ട്രഷറിയ്ക്ക് കെട്ടിട നിർമ്മാണത്തിന് 10 സെന്റ് സ്ഥലവും സംസ്ഥാന സർക്കാരിന്റെ പാർപ്പിട നിർമ്മാണ പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയിൽ ഭവന നിർമ്മാണത്തിന് 50 സെന്റ് സ്ഥലവും സൗജന്യമായി വിട്ടുനൽകുന്നതിന് പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി പരാമർശം (1) പ്രകാരം തീരുമാനിക്കുകയും പരാമർശം (2) പ്രകാരം സർക്കാരിലേക്ക് അപേക്ഷിക്കുകയുണ്ടായി. പൊതു ആവശ്യങ്ങൾക്കായി വകുപ്പുകൾ തമ്മിലുള്ള സർക്കാർ ഭൂമി കൈമാറ്റം സത്വരമായി ചെയ്യുന്നതിന് ജില്ലാ കളക്ടർക്ക് അധികാരം പ്രത്യയോജനം ചെയ്ത് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 50 സെന്റ് സ്ഥലം വരെ ജില്ലാ കളക്ടർക്ക് കൈമാറ്റം ചെയ്യാവുന്നതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൊന്നാനി താലൂക്കിൽ ആലംകോട് വില്ലേജിൽ 254/1 എ 2 ബി2 സർവ്വെ നമ്പറിലുള്ള 50 സെന്റ് സ്ഥലം ലൈഫ് മിഷൻ പദ്ധതിയിൽ ഭവന നിർമ്മാണത്തിന് ഉപയോഗ അനുമതി നൽകി ഉത്തരവാകുന്നു. ചങ്ങരംകുളം സബ് ട്രഷറിയ്ക്ക് കെട്ടിട നിർമ്മാണത്തിന് 10 സെന്റ് സ്ഥലം കൈമാറുന്നതിന് ജില്ലാ കളക്ടർക്ക് പരാമർശം (3) പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

മുഹമ്മദ് റിയാസ്

ഡെപ്യൂട്ടി സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം

സെക്രട്ടറി, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ